സീനിയോറിറ്റി നഷ്ടപ്പെടാതെ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം

216 (1151) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് യഥാസമയം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ വന്നവർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകുന്നുണ്ടോ.; എങ്കിൽ എപ്രകാരം ;

(ബി) എത്ര കാലാവധിവരെ ഇവർക്ക് പുതുക്കുവാൻ കഴിയും ;

(സി) ഇക്കാര്യത്തിൽ എസ്.സി/എസ്.ടി. അപേക്ഷകർക്ക് പ്രത്യേക പരിഗണനയുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. സർക്കാർ തീരുമാനിക്കുന്ന ഒരു പ്രത്യേക തീയതി വരെ രജിസ്ട്രേഷൻ പുതുക്കുന്നതിന് വേണ്ടി ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ സമർപ്പിക്കാൻ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ഇപ്രകാരം ഏറ്റവും അവസാനമായി സർക്കാർ ഉത്തരവ് നൽകിയത് 1-1-1990 മുതൽ 31-12-1999 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ പുതുക്കാത്തവർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് 31-12-2000 വരെ അവസരം നൽകികൊണ്ടാണ്.

(സി) എസ്.സി./എസ്.റ്റി വിഭാഗക്കാർക്ക് രജിസ്ട്രേഷൻ പുതുക്കേണ്ട മാസം രജിസ്ട്രേഷൻ പുതുക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുശേഷം ഒരു വർഷത്തിനകം രജിസ്ട്രേഷൻ പുതുക്കിയാൽ മതിയെന്ന് നിഷ്ക്കർഷിക്കുന്ന ഉത്തരവ് നിലവിലുണ്ട്.

(982, 1024 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

മി. സ്പീക്കർ : ഓർഡർ,..... ഓർഡർ,..... ഇന്നലെ തിരുവനന്തപുരത്ത് പൂന്തുറയിലും പരിസരപ്രദേശങ്ങളിലും ഉണ്ടായ സംഭവങ്ങൾ

9.30A.M.] അത്യന്തം നിർഭാഗ്യകരമാണ്. നിയമസഭ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ പ്രതിഫലനം സ്വാഭാവികമായും സഭാ വേദിയിലും ഉണ്ടാവുക പതിവാണ്. അടിയന്തിര പ്രമേയം ആകാം, സബ്മിഷൻസ് ആകാം. അതൊക്കെ ആകാം. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് എനിക്ക് ഒന്നിലധികം നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഉൾപ്പെടെയുള്ളവരുടെ നോട്ടീസുകൾ ലഭിച്ചു. സ്ഥലം എം.എൽ.എ. ആയ ശ്രീ.ആന്റണി രാജുവിന്റെ നോട്ടീസ് എനിക്ക് ഇന്നലെത്തന്നെ ലഭിച്ചു. ഞങ്ങൾ പല ചർച്ചകളും നടത്തി. നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ വേണ്ടത് വാദപ്രതിവാദമല്ല. ഇത്തരം സംഭവങ്ങൾ ഇനി ഒരിക്കലും ഉണ്ടാകാതിരിക്കുവാൻ ഒരുമിച്ചുള്ള ആത്മാർത്ഥമായ, കൂട്ടായ, പ്രവർത്തനമാണ് വേണ്ടത്. ഈ സംഭവം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരമായിട്ടുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചു. ഞാൻ ഔദ്യോഗികമായിത്തന്നെ ആ കാര്യത്തിൽ ഇടപെട്ടു ; ഒട്ടേറെ കാര്യങ്ങൾ ചെയ്തു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി നേരിട്ടുതന്നെ ആ കാര്യത്തിൽ ഇടപെട്ടു. ഇടപെടുക മാത്രമല്ല, അദ്ദേഹം ഇന്നലെ വൈകുന്നേരം തന്നെ എല്ലാ വിഭാഗത്തേയും കളക്ടറേറ്റിൽ വിളിച്ച് ഔദ്യോഗിക ചർച്ച നടത്തുകയുണ്ടായി. ഇതാണ് കാര്യങ്ങൾ ഇത്തരം സംഭവങ്ങൾ ഒരിക്കലും ആവർത്തിക്കപ്പെടരുത്. അതുകൊണ്ട്, ഇപ്പോൾ വേണ്ടത് വാദപ്രതിവാദമല്ല, സ്ഥലം എം.എൽ.എ ആയ ശ്രീ. ആന്റണി രാജു ആണ് ആദ്യമായി എന്നോട് പറഞ്ഞത്. അദ്ദേഹം ഇന്നലെ മുഴുവൻ അവിടെത്തന്നെ ഉണ്ടായിരുന്നു. സർവ്വശ്രീ നാലകത്ത് സൂപ്പി, ചെർക്കളം അബ്ദുള്ള, പാലോട് രവി, കെ.പി. എ. മജീദ് തുടങ്ങിയ പല അംഗങ്ങളും സ്ഥലത്തുപോയി സ്ഥിതി ശാന്തമാക്കുവാൻ വേണ്ടിയുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി. അതൊക്കെ ഞാൻ സ്വാഗതം ചെയ്യുകയാണ്. വൈകുന്നേരം 7 മണിക്ക് കളക്ടറേറ്റിൽ വച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകപ്പുമന്ത്രി ശ്രീ.പാലോളി മുഹമ്മദുകുട്ടി മുഖ്യമന്ത്രിയുടെ നിർദ്ദേശം അനുസരിച്ച് ഒരു ഔദ്യോഗിക യോഗം വിളിച്ചുകൂട്ടി. കളക്ടറും പോലീസ് കമ്മീഷനും എല്ലാ വിഭാഗം ആൾക്കാരും ഉണ്ടായിരുന്നു. അവിടെ ഉയർന്നുവന്ന സംഗതി ഇതിന്റെ പിന്നിൽ സാമൂഹ്യവിരുദ്ധന്മാരാണ് എന്നതാണ്. തീർച്ചയായിട്ടും അതുതന്നെയാണ്. സാമൂഹ്യവിരുദ്ധരാണ് ഇതിനു പിന്നിൽ നിന്നു കൊണ്ട് പ്രശ്നങ്ങൾ ഉണ്ടാക്കി അവ വഷളാക്കുവാൻ ശ്രമിക്കുന്നത്. കുറേപേർക്ക് വീടുകൾ നഷ്ടമായി. ഉണ്ടാകുവാൻ പാടില്ലാത്ത പലസംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അതിനാൽ അവർക്ക് ആശ്വാസം നൽകുകയും ശക്തമായിട്ടുള്ള നടപടി സ്വീകരിച്ച് ഇത്തരം സംഭവങ്ങൾ ഒരിക്കലും ആവർത്തിക്കാത്ത തരത്തിൽ മുന്നോട്ടുകൊണ്ടുപോകുവാനും നമുക്ക് കഴിയണം എന്ന കാര്യം ഞാൻ സഭയെ ഉത്കണ്ഠയോടുകൂടി അറിയിക്കുന്നു. എല്ലാപേരുടെയും സഹകരണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

റൂൾ 62, ശ്രീ. അടൂർ പ്രകാശ്,.....

II. ശ്രദ്ധക്ഷണിക്കൽ

(1) പ്ലാന്റേഷൻ കോർപ്പറേഷൻ നേരിടുന്ന പ്രതിസന്ധി

ശ്രീ. അടൂർ പ്രകാശ് : സർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ തൊഴിലാളികൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനു വേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. ഇപ്പോൾ പ്ലാന്റേഷൻ കോർപ്പറേഷനിൽ ഫീൽഡിൽ പണി ചെയ്യുന്ന തൊഴിലാളികൾ, സൂപ്പർവൈസറി സ്റ്റാഫ്, എക്സിക്യൂട്ടീവ്സ്, സീനിയർ എക്സിക്യൂട്ടീവ്സ് എന്നീ തസ്തികകളിൽ ഉൾപ്പെടെ ഏതാണ്ട് 4796 ജീവനക്കാരാണുള്ളത്. വളരെ നന്നായി നടന്നു കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമായിരുന്നു അത്. എന്നാൽ ഇന്ന് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly